

**മണിരംഗ് അബുദാബി ഇന്ത്യാ സോഷ്യൽ സെൻററിൽ ഒരുക്കിയ ജുഗൽബന്ദി**

# വേനൽമഴയായി ജുഗൽബന്ദി

**അബുദാബി:** 'മണിരംഗ്' സംഗീതാസ്വാദക സദസ്സും എൻ.എം.സി. ഗ്രൂപ്പും ചേർന്ന് ഒരുക്കിയ ജുഗൽബന്ദി സംഗീത പ്രേമികൾക്ക് വേനൽമഴയായി. കഥകളി സംഗീതത്തിൽ കോട്ടക്കൽ മധുവും നെടുമ്പുള്ളി രാം മോഹനും കർണാടക സംഗീതത്തിൽ ചെങ്കോട്ട ഹരിഹര സുബ്രഹ്മണ്യഭാഗവതരും ചേർന്നാണ് അബുദാബി ഇന്ത്യാ സോഷ്യൽ സെൻററിൽ സംഗീതാർച്ചന നടത്തിയത്. വിജു എസ്. ആനന്ദ് (വയലിൻ), കല്ലേകുളങ്ങര ഉണ്ണികൃഷ്ണൻ (മൃദംഗം), കലാമണ്ഡലം കൃഷ്ണദാസ് (ചെണ്ട), കലാമണ്ഡലം ഹരിഹരൻ (മദ്ദളം) എന്നിവർ അകമ്പടി നൽകി. അബുദാബിയിലെ കൊച്ചു കലാകാരൻ അഭിജിത് ജുഗൽബന്ദിയിൽ അതിഥിതാരമായി.